**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - മരട് നഗരസഭ – കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ മൂന്ന് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം.35/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 06.01.2017.

പരാമർശം : 1.മരട് നഗരസഭ ചെയർപേഴ്സൺ ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മുമ്പാകെ സമർപ്പിച്ച 08.11.2016 ലെ കത്ത്.

2. കോ-ഓർഡിനേഷൻ കമ്മറ്റിയുടെ 14.11.2016 തീയതിയിലെ തീരുമാനം നമ്പർ 3.45.

3. ജി. ഒ (പി) നം. 28/2016/Fin തീയതി. 26/2/2016.

**ഉത്തരവ്**

മരട് നഗരസഭയിൽ നിലവിലുള്ള ജീവനക്കാരുടെ തസ്തികകളിലെ ഒഴിവു കാരണം നികുതി പിരിവ് അടക്കമുള്ള പല കാര്യങ്ങളും നടക്കുന്നില്ലയെന്നും ആയതിനാൽ താൽക്കാലികാടിസ്ഥാനത്തിൽ മൂന്ന് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം ഒന്ന് പ്രകാരമുള്ള കത്തിൽ മരട് നഗരസഭ ചെയർപേഴ്സൺ സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുന്നു.

2. പ്രസ്തുത വിഷയത്തിൽ പരാമർശം രണ്ട് പ്രകാരം കോ-ഓർഡിനേഷൻ കമ്മറ്റി തീരുമാനം എടുത്തിട്ടുണ്ട് .ആയതിന്റെ അടിസ്ഥാനത്തിൽ താല്ക്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച് സൂചന മൂന്നിലെ ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി, ഇതിലേക്കാവശ്യമായ ചെലവ് നഗരസഭയുടെ തനതുഫണ്ടിൽ നിന്നും വഹിക്കണമെന്ന വ്യവസ്ഥയിൽ മരട് നഗരസഭയിൽ മൂന്ന് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ കരാർ അടിസ്ഥാനത്തിലോ കുടുംബശ്രീയിൽ നിന്നോ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**അബ്ദുൾ കലാം. എം**
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

നഗരസഭ ചെയർപേഴ്സൺ, മരട് നഗരസഭ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ